(എ) ഐ. ആർ. ഡി. പി., ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. എന്നീ പരിപാടികളുടെ നടത്തിപ്പിൽ പ്ലാനിംഗ് കമ്മീഷന്റെ പഠന സമിതി പോരായ്മകളും ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം;

(ബി) ഇവ പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഗ്രാമവികസന വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) പ്ലാനിംഗ് കമ്മീഷന്റെ പഠനസമിതി ഐ. ആർ. ഡി. പി. യുടെ പ്രവർത്തനങ്ങളെപ്പറ്റി വിലയിരുത്തൽ നടത്തി, പോരായ്മകളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി., എന്നീ പദ്ധതികളെക്കുറിച്ച് പ്ലാനിംഗ് കമ്മീഷൻ വിലയിരുത്തലുകളൊന്നും നടത്തിയിട്ടില്ല. പ്രസ്തുത പഠന സമിതിയുടെ ഐ. ആർ. ഡി. പി. യെ സംബന്ധിക്കുന്ന വിലയിരുത്തലുകൾ താഴെ പറയും പ്രകാരമാണ്.

(1) സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തതകൊണ്ട് ഐ. ആർ. ഡി. പി. സഹായം ലഭിച്ച പല കുടുംബങ്ങൾക്കും ദാരിദ്ര്യരേഖക്കു മുകളിൽ വരുവാൻ സാധിച്ചിട്ടില്ല.

(2) സ്കീമുകൾ തിരഞ്ഞെടുക്കുമ്പോൾ പ്രാദേശിക സ്വഭാവവും ആവശ്യങ്ങളും കണക്കിലെടുക്കേണ്ടതാണ്.

(3) പ്രത്യുൽപ്പാദനപരമായ കൂടുതൽ പദ്ധതികൾ സെക്കൻറി, ടെർഷ്യറി മേഖലകളിൽ തിരഞ്ഞെടുത്ത് നടപ്പിൽ വരുത്തേണ്ടതാണ്.

(ബി) അപാകതകൾ പരിഹരിക്കുന്നതിന്റെ ആദ്യപടിയായി സംസ്ഥാനാടിസ്ഥാനത്തിൽ സമഗ്രമായ ഒരു സർവ്വേ നടത്തി അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട്. സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത കൊണ്ട് ദാരിദ്ര്യരേഖക്കു മുകളിൽ വരാൻ കഴിയാത്ത കുടുംബങ്ങൾക്ക് രണ്ടാം വട്ടവും ധനസഹായം നൽകിവരുന്നുണ്ട്. പ്രാദേശിക സ്വഭാവവും ആവശ്യവും കണക്കിലെടുത്ത് ഐ. ആർ. ഡി. പി. സ്കീമുകൾ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ആർ. ടി. എ. ബോർഡുകൾ

* 463 [493] ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർ. ടി. എ. ബോർഡുകൾ എന്നാണ് പുനഃസംഘടിപ്പിച്ചത്;

(ബി) ആർ. ടി. എ. ബോർഡുകളുടെ കാലാവധി എത്ര വർഷമാണ്;

(സി) ആർ. ടി. എ. ബോർഡുകളിലെ അനൗദ്യോഗിക അംഗങ്ങളെ ബോർഡിൽനിന്ന് ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ബോർഡ് പുനഃസംഘടിപ്പിക്കാതെ അനൗദ്യോഗിക അംഗങ്ങളെമാത്രം ഒഴിവാക്കുന്നതിനു കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അനൗദ്യോഗിക അംഗങ്ങൾ ഇല്ലെങ്കിലും ആർ. ടി. എ. ബോർഡ് നിലവിലുണ്ടാകുമോ;

(എഫ്) ബോർഡിലെ ഔദ്യോഗിക അംഗങ്ങൾ ആരെല്ലാം;

(ജി) അനൗദ്യോഗിക അംഗങ്ങൾ എത്രപേർവരെയാകാം;

(എച്ച്) ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിച്ചിട്ടുണ്ടോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) 26–2–1983, 30–4–1984, 16–4–1983, 17–5–1983, 12–7–1984, 7–5–1985, 5–10–1985 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരമാണ് അവസാനമായി ആർ. ടി. എ. ബോർഡുകൾ പുനഃസംഘടിപ്പിച്ചത്.

(ബി) ബോർഡിന് പ്രത്യേക ഒരു കാലാവധി നിജപ്പെടുത്തിയിട്ടില്ല. എന്നാൽ അതിൽ അംഗങ്ങളായുള്ള അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി കുറഞ്ഞത് 6 മാസമായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) നിലവിലുള്ള അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി അവസാനിപ്പിച്ചുകൊണ്ട് 4–11–1986–ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അവരെ സ്ഥിരമായി ഒഴിവാക്കണമോ വേണ്ടയോ എന്ന് തീരുമാനിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) നിലവിലുണ്ടാകും.

(എഫ്) ഡിസ്ട്രിക്റ്റിലെ കളക്ടർ ചെയർമാനും ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബിൽഡിംഗ് ആൻറ് റോഡ്) മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവരാണ് ഔദ്യോഗിക അംഗങ്ങൾ.

(ജി) നിലവിലുള്ള നിയമമനുസരിച്ച് യാതൊരു പരിധിയും ഇല്ല.

(എച്ച്) കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ല.

കെ. എസ്. ആർ. ടി. സി. മേഖലാ കോർപ്പറേഷനുകൾ

* 464 [194] ശ്രീ. സിറിയക് ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. വിഭജിച്ച് 5 മേഖലാ കോർപ്പറേഷനുകളാക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ അതനുസരിച്ച് മേഖലാ കോർപ്പറേഷനുകൾ രൂപീകരിച്ചോ;

(സി) വയനാട്ടിൽ ഒരു കമ്പനി രൂപീകരിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതനുസരിച്ച് കമ്പനി രൂപീകരിച്ചുവോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly